# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2082

### 11-03-2020 ൽ മറുപടിക്ക്

### കിഫ്ബിയിലേക്കുള്ള ധനാഗമനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ

| ചോദ്യം<br>ശ്രീ. റ്റി.വി.രാജേഷ്<br>ശ്രീ. വി. കെ. സി. മമ്മത് കോയ<br>ശ്രീ. പി.വി. അൻവർ<br>ശ്രീ. എം. രാജഗോപാലൻ | മറുപടി<br>ഡോ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തെ തൃപ്തികരമായ സാമ്പത്തിക വളർച്ചയും ഉയർന്ന സാമൂഹ്യ വികസനവും ഉപഭോഗ സമൃദ്ധിയും നിലനിർത്തുന്നതിനും സമ്പദ്ഘടനയുടെ ത്രിതലങ്ങളെയും ഉത്തേജിപ്പിക്കുന്ന രീതിയിലുള്ള വികസനം സാധ്യമാക്കുന്നതിനും കിഫ്ബി മുഖേനയുള്ള പ്രവർത്തനം ത്വരിതപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ കിഫ്ബിയിലേക്കുള്ള ധനാഗമനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | നിലവിൽ കിഫ് ആക്ട് അനുശാസിക്കും വിധം മോട്ടോർ വെഹിക്കിൾ ടാക്സിന്റെ വിഹിതവും പെട്രോൾ സെസ്സും കിഫബിയിലേക്ക് ലഭിക്കുന്നുണ്ട്. ഇതിനു പുറമെ കിഫ് ആക്ടിലെ വ്യവസ്ഥകൾ പ്രകാരം സെബി റിസർവ് ബാങ്ക് എന്നീ നിയന്ത്രണ ഏജൻസികൾ അംഗീകരിച്ചിട്ടുള്ള വിവിധ ധനോപാധികൾ മുഖാന്തരം കിഫ്ബിയുടെ ആവശ്യകത അനുസരിച്ച് ഉചിതമായ രീതിയിൽ ധനസമാഹരണം നടത്തുവാനാണ് ഉദ്ദേശിക്കുന്നത്. നിലവിൽ ടേം ലോണുകൾ, അന്താരാഷ്ട്ര ബോണ്ടുകൾ, ആഭ്യന്തര ബോണ്ടുകൾ (കെ.എസ്.എഫ്.ഇ പ്രവാസി ചിട്ടി), നബാർഡ് ലോൺ, നോർക്ക വെൽവെയർ ബോർഡ് ഡിവിഡന്റ് സ്കീം മുഖേനയുള്ള ധനസമാഹരണം എന്നിവ അടങ്ങുന്നതാണ് കിഫ്ബിയുടെ ധനസമാഹരണ രീതികൾ. ആഭ്യന്തര-അന്താരാഷ്ട്ര വിപണിയിലുള്ള കൂടുതൽ നിക്ഷേപകർ കിഫ്ബിയിൽ നിക്ഷേപം നടത്തുന്നതിനു താല്പര്യം കാണിക്കുന്നുണ്ട്. ചുരുങ്ങിയ കാലയളവിൽ തന്നെ നിക്ഷേപകരുടെ വിശ്വാസ്യത നേടിയെടുക്കാൻ കിഫ്ബിയ്ക്ക് കഴിഞ്ഞിട്ടുണ്ട് എന്നതിന് തെളിവാണിത്. |
| (ബി) കെ.എസ്.എഫ്.ഇ മുഖേന പ്രവാസികളുടെ സമ്പാദ്യം നിക്ഷേപമാർഗത്തിലേക്ക് ആകർഷിക്കാനുള്ള പ്രവാസി ചിട്ടി പദ്ധതി | പ്രവാസി വെൽഫെയർ ഫണ്ട് ബോർഡിന്റെ പെൻഷൻ പദ്ധതിയുമായി ചേർന്ന് 01.11.2019 മുതൽ പ്രവാസികൾക്ക് പെൻഷൻ ഒരു മൂല്യ വർധിത സേവനമായിട്ടാണ് പ്രവാസി ചിട്ടി |

| | |
|---|---|
| വിപുലീകരിച്ച് ശക്തിപ്പെടുത്താനായി പദ്ധതി കൂടുതൽ ആകർഷകമാക്കാൻ നടപടിയെടുത്തിട്ടുണ്ടോ; | നൽകിപ്പോരുന്നത്. പതിനായിരം രൂപയോ അതിനു മുകളിലോ പ്രതിമാസ തവണ സംഖ്യയുള്ള പ്രവാസി ചിട്ടികളിൽ ചേർന്ന് പണമടയ്ക്കുന്ന വരിക്കാർക്കായി കേരള പ്രവാസി ക്ഷേമ ബോർഡിന്റെ പെൻഷൻ പദ്ധതിയുടെ അംശാദായം ( പ്രതിമാസം 300 രൂപ വരെ) കെ.എസ്.എഫ്.ഇ വഹിക്കും. ഇതുവരെ 347 പേർ ഈ പെൻഷൻ പദ്ധതിയിൽ ചേർന്നിട്ടുണ്ട്. തികച്ചും ഓൺലൈൻ ആയാണ് പ്രവാസി ചിട്ടി നടത്തുന്നത്. ചിട്ടിയിൽ ചേരൽ, പണമടയ്ക്കൽ, ലേലത്തിൽ പങ്കെടുക്കൽ തുടങ്ങിയവയെല്ലാം പൂർണ്ണമായും ഓൺലൈനിലാണ് നടക്കുന്നത്. ഇതു കൂടാതെ ചിട്ടി കിട്ടിയ ചിറ്റാളനു ജീവഹാനി സംഭവിച്ചാൽ 10 ലക്ഷം രൂപ വരെയുള്ള മേൽ ബാദ്ധ്യത കെ.എസ്.എഫ്.ഇ ഏറ്റെടുക്കും. ദൗർഭാഗ്യവശാൽ ഇന്ത്യക്കു പുറത്തുള്ള പ്രവാസി വരിക്കാർക്ക് ജീവഹാനി സംഭവിക്കുകയാണെങ്കിൽ ഭൗതിക ശരീരം സ്വദേശത്ത് എത്തിക്കുന്നതിന്, അനുഗമിക്കുന്ന ഒരാളുടെ ചെലവ് ഉൾപ്പെടെ ഇക്കോണമി വിമാനച്ചെലവ് (പരമാവധി 1 ലക്ഷം രൂപ വരെ) കെ.എസ്.എഫ്.ഇ വഹിക്കുന്നു. |
| (സി) വിദേശങ്ങളിലുള്ള പ്രവാസികൾക്കൊപ്പം ഇതര സംസ്ഥാനങ്ങളിലുള്ളവരെക്കൂടി പ്രവാസി ചിട്ടി പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതി വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | തീർച്ചയായും, വിദേശങ്ങളിലുള്ള പ്രവാസികൾക്കൊപ്പം ഇതര സംസ്ഥാനങ്ങളിലുള്ള പ്രവാസികളെ കൂടി പ്രവാസി ചിട്ടി പദ്ധതിയിൽ ഉൾപ്പെടുത്തി 10.11.2019 മുതൽ പ്രവാസി ചിട്ടി വിപുലീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**